പതിമൂന്നാം കേരള നിയമസഭ

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2850

10.12.2014 -ലെ
മറുപടിയ്ക്ക്

**പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം<br>**ശ്രീ. ഇ.കെ.വിജയൻ** | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|
| (എ) കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര പട്ടികജാതി റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട് ; ഇതിന്റെ വാടകയിനത്തിൽ പ്രതിവർഷം എത്ര രൂപയാണ് നൽകിക്കൊണ്ടിരിക്കുന്നത് ; | (എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ കോഴിക്കോട് ജില്ലയിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ ഉണ്ട്. ഇതിന്റെ വാടക ഇനത്തിൽ പ്രതിവർഷം 21,00,000/- രൂപ നൽകിവരുന്നു. |
| (ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വകുപ്പിന് കീഴിൽ എത്ര ഏക്കർ ഭൂമി റസിഡൻഷ്യൽ സ്കൂളിനായി കൈവശമുണ്ട് ; | (ബി) കോഴിക്കോട് ജില്ലയിലെ മരുതോങ്കരയിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി ജില്ലാ പഞ്ചായത്ത് വാങ്ങിയ 10 ഏക്കർ സ്ഥലം അതിന്റെ ഉടമസ്ഥാവകാശം ജില്ലാ പഞ്ചായത്തിൽ തന്നെ നില നിർത്തി വകുപ്പിന് ലഭ്യമായിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത സ്ഥലത്ത് സ്കൂൾ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) മരുതോങ്കരയിലെ പ്രസ്തുത സ്ഥലത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 20/01/2014 ലെ സ.ഉ ( സാധാ) നം. 98/14 /പജപവവിവ പ്രകാരം ഉത്തരവാകുകയും, കെട്ടിട നിർമ്മാണത്തിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 21/02/2014 ലെ സ.ഉ(സാധാ) നം.356/2014/പജപവവിവ പ്രകാരം 3,00,000/- രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. . |

Sali K.T

സെക്ഷൻ ഓഫീസർ.